# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4772 22.03.2018-ൽ മറുപടിക്ക്**

## സ്ട്രീറ്റ് ലൈറ്റുകൾ

| | ചോദ്യം<br><br>ശ്രീ. മുരളി പെരുനെല്ലി : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ടൈമർ കേടുവരുന്ന സന്ദർഭങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ നിരന്തരം കത്തിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം വൈദ്യുത വകുപ്പിനുണ്ടാകുന്ന നഷ്ടം എത്രയാണെന്ന് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമൂലമുണ്ടാകുന്ന വൈദ്യുതി നഷ്ടത്തിന്റെ കൃത്യമായ കണക്കെടുപ്പ് നടത്തിയിട്ടില്ല. |
| (ബി)<br><br><br><br><br>(സി) | സ്ട്രീറ്റ് ലൈറ്റുകൾ പ്രകാശിപ്പിക്കുന്നതിനായി ഏതെല്ലാം കമ്പനികളുടെ ടൈമറാണ് ഉപയോഗിക്കുന്നത്; ഈ കമ്പനികളുമായി എ.എം.സി. ഉണ്ടാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;<br><br>സ്ട്രീറ്റ് ലൈറ്റുകൾ നിശ്ചയിക്കപ്പെട്ട സമയങ്ങളിൽ മാത്രമാണ് പ്രകാശിക്കുന്നത് എന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | (ബി)<br>&<br>(സി) | ജയിൻ ഇൻഡസ്ട്രിയൽ ലൈറ്റിംഗ് കോർപ്പറേഷൻ, മാസിഡോൺ വിനിമയ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ കമ്പനികളിൽ നിന്നാണ് പ്രധാനമായും ബോർഡ് തലത്തിൽ ടൈമറുകൾ വാങ്ങിയിരുന്നത്. ഇതിനു പുറമേ പ്രാദേശികമായി വാങ്ങുന്ന ടൈമറുകളും ഉപയോഗിക്കാറുണ്ട്. ഇവർക്ക് കൊടുത്തിട്ടുള്ള പർച്ചേയ്സ് ഓർഡർ പ്രകാരം ഈ കൺട്രോളറുകൾക്ക് എ.എം.സി. ഇല്ല. എന്നാൽ 5 വർഷത്തെ ഗ്യാരന്റി ഉണ്ട്. 5 വർഷത്തിനകം കേടാകുന്ന കൺട്രോളറുകൾ അറിയിപ്പ് നൽകി ഒരു മാസത്തിനകം കമ്പനി സൗജന്യമായി മാറ്റി വയ്ക്കേണ്ടതാണ്. ടൈമറുകൾ വിതരണം ചെയ്യുന്ന കമ്പനികളുമായി ബന്ധപ്പെട്ട് കേടുവന്ന ടൈമറുടെ തകരാറുകൾ പരിഹരിക്കാനും അതുവഴി കൃത്യ സമയങ്ങളിൽ മാത്രമാണ് സ്ട്രീറ്റ് ലൈറ്റുകൾ കത്തുന്നതെന്ന് ഉറപ്പുവരുത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Kunalulle

സെക്ഷൻ ഓഫീസർ